LIBRARY ARCHIVES Kerala Legislative Assembly

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ എൽ.ഡി. ക്ളാർക്ക് നിയമനം

89 [3097] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധിബോർഡിലെ എൽ. ഡി. ക്ളാർക്ക് തസ്തികയിലേക്ക് പി.എസ്.സി. 67 ഉദ്യോഗാർത്ഥികൾക്ക് അഡ്വൈസ് മെമ്മോ അയച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ബി) അയച്ചിരുന്നെങ്കിൽ എന്നാണ് അഡ്വൈസ് മെമ്മോ അയച്ചത് എന്ന് അറിയിക്കുമോ;

(സി) അവർക്ക് ബോർഡ് നിയമന ഉത്തരവ് നൽകിയോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) പി. എസ്. സി.-യുടെ അഡ്വൈസ് ലഭിച്ചവർക്ക് യഥാസമയം നിയമനം നൽകാൻ സർക്കാർ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ)—(ഡി)

ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത നിയമന ലിസ്റ്റ് തയ്യാറാക്കി വരുന്നതായാണ് അറിവ്. മറ്റൊരു പൊതുമേഖലാ സ്ഥാപനത്തിന് തയ്യാറാക്കിയ ലിസ്റ്റിൽ നിന്ന് ഉദ്യോഗാർത്ഥികളെ പി.എസ്.സി. അഡ്വൈസ് ചെയ്തിട്ടുണ്ട്. അതു സംബന്ധിച്ച് ബഹു. കേരളാ ഹൈക്കോടതിയിൽ കേസുകൾ നിലവിലുണ്ട്. കോടതിയുടെ ഉത്തരവിൻമേലുള്ള നിയമവശം പരിശോധിച്ചുവരികയാണ്.

സംസ്ഥാനത്തെ ഐ.ടി.ഐ.-കളുടെ നവീകരണത്തിനും കോഴ്സുകൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിനും നടപടി

90 [3098] ശ്രീ മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ. ടി. ഐ.-കളിൽ എൻ. സി. വി. ടി. അംഗീകാരമില്ലാതെ കോഴ്സുകൾ നടത്തിയതുമൂലം കോഴ്സ് കഴിഞ്ഞിറങ്ങിയ ട്രെയിനികൾക്ക് സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിയമനം ലഭിക്കുന്നില്ലായെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ ഐ. ടി. ഐ.-കളുടെ നവീകരണത്തിനും കോഴ്സുകൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ പി. എസ്. സി. നിയമനങ്ങൾക്ക് എൻ. സി. വി. റ്റി. സർട്ടിഫിക്കറ്റിനോടൊപ്പം (എൻ. ടി. സി.) എസ്. സി. വി. റ്റി. സർട്ടിഫിക്കറ്റുകൂടി യോഗ്യതാ നിർണ്ണയത്തിനു പരിഗണിക്കുന്നതിനുവേണ്ടി പി.എസ്.സി.-യുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ടി വിഭാഗം ട്രെയിനികളെ നാഷണൽ അപ്രന്റീസ് ആക്ട് 61-ന്റെ പരിധിയിൽപ്പെടുത്തി അപ്രന്റീസ് നൽകുന്നതിനുള്ള നോട്ടിഫിക്കേഷൻ കേന്ദ്ര പ്രിന്റിംഗ് പ്രസ്സിൽ അയച്ചിട്ടുണ്ടെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്.

(ബി) കോഴ്സുകൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ വർഷം സംസ്ഥാനത്തെ 7 ഐ. ടി. ഐ. കളിലായി തൊഴിൽ സാദ്ധ്യത കൂടിയ ട്രേഡുകളുടെ അധിക യൂണിറ്റുകളും കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പുതിയ ട്രേഡുകളും ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഈ വർഷം 17 ഐ. ടി. ഐ. കളിലായി പുതിയ 24 ട്രേഡുകൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഐ.ടി.ഐ. ആറ്റിങ്ങലിൽ നിലനിർത്തണമെന്ന ആവശ്യം

91 [3100] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ആറ്റിങ്ങൽ ഐ. ടി. ഐ. അവിടെ നിലനിർത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് നടക്കുന്ന പ്രക്ഷോഭങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പ്രക്ഷോഭത്തിനിടയാക്കിയ സാഹചര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഐ. ടി. ഐ. സ്ഥിതി ചെയ്യുന്ന കോമ്പൗണ്ട് പൂർണ്ണമായി സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നതിന് ഐ. എച്ച്. ആർ. ഡി.-ക്ക് കൈമാറിയ സാഹചര്യത്തിൽ ഐ. ടി. ഐ. മറ്റ് സ്ഥലത്തേയ്ക്ക് മാറ്റുവാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) ആറ്റിങ്ങൽ ഐ. ടി. ഐ.-യിലെ ചില കോഴ്സുകൾക്ക് എൻ. സി. വി. ടി.-യുടെ അംഗീകാരം ലഭിക്കുന്നതിനുവേണ്ടി സർക്കാർ കൈക്കൊണ്ട നടപടി വിശദമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഐ.ടി.ഐ.-യുടെ അഫിലിയേഷൻ സംബന്ധിച്ച രേഖകൾ ലഭ്യമല്ലാത്തതിനാൽ 1995 ഫെബ്രുവരിക്ക് ശേഷം അവിടെനിന്നും വിജയിച്ച ട്രെയിനികൾക്കുള്ള നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് ഡി.ജി.ഇ.റ്റി.-യിൽ നിന്നും ഒപ്പിട്ട് ലഭിക്കാത്തതിനാൽ വിതരണം ചെയ്യുന്നതിന് കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിലാണ് പ്രക്ഷോഭങ്ങൾ ഉണ്ടായത്.

LIBRARY ARCHIVES Kerala Legislative Assembly